പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്

നം. T 4007

## ഭക്ഷ്യവസ്തുക്കൾ തിരിച്ചയയ്ക്കുന്ന നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴങ്ങൾ, പച്ചക്കറികൾ, മുട്ട, പാൽ, മാംസം തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ പരിശോധന നടത്തുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ഇതു സംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട് കൂടുതൽ, ചർച്ചകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച്, നടപടികൾ ശക്തമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് സ്ഥിരം സംവിധാനം പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്ത് പുതിയതായി മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലാബുകൾ ഉടൻതന്നെ പ്രവർത്തന സജ്ജമാക്കുവാൻവേണ്ട നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ലാബുകൾ പ്രവർത്തന സജ്ജമാകുന്നതോടുകൂടി, ഭക്ഷണപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് പരിശോധിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ, താല്ക്കാലിക അടിസ്ഥാനത്തിൽ, സംസ്ഥാനത്തേക്ക് വരുന്ന വെളിച്ചെണ്ണയുടെ സാമ്പിൾ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽവച്ച് ശേഖരിച്ച് ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സംസ്ഥാനത്തിനുള്ളിലേക്ക് കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |
| ബി) | മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മായംചേർത്തതും, മാരകമായ കീടനാശിനികൾ അടങ്ങിയതുമായ ഭക്ഷ്യവസ്തുക്കൾ തിരിച്ചയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ബി) | അത്തരത്തിലുള്ള ഭക്ഷ്യവസ്തുകൾ നിരോധിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ